അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരും ജില്ലാതല കമ്മിറ്റികളിലെ അംഗങ്ങളാണ്. ജില്ലാ കളക്ടർ ഇതിന്റെ ചെയർമാനും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ കൺവീനറുമാണ്. ആർ.ഡി.ഒ., ബ്ലോക്കിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഡിവൈഎസ് പി., എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, പോലീസ് സർക്കിൾ ഇൻസ്പെക്ടർ, താലൂക്ക് തഹസിൽദാർ എന്നിവർ ബ്ലോക്ക്തല കമ്മിറ്റികളിലെ അംഗങ്ങളുമാണ്. ഇതിന്റെ ചെയർമാൻ ആർ.ഡി.ഒ.യും കൺവീനർ ബന്ധപ്പെട്ട ബ്ലോക്കിലെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും ആണ്. ജില്ലാ ബ്ലോക്കുതല കമ്മിറ്റികളിൽ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളെയും അംഗങ്ങളാക്കിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട കൺവീനർമാർക്കാണ്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) ജനകീയ കമ്മിറ്റികൾ കൃത്യമായി കൂടുകയും പ്രവർത്തനങ്ങൾ കൃത്യമായിവിലയിരുത്തുകയും ചെയ്യുന്നുണ്ട്.

**21 (*355) അലങ്കാര പുഷ്പ കൃഷി**

ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലങ്കാര പുഷ്പക്കൃഷി വ്യാപിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ കാർഷിക സർവകലാശാലയുടെ പങ്ക് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ പൂക്കൾ വിപണനം ചെയ്യുന്നതിനുള്ള സംവിധാനമെന്താണ്;

(ഡി) പദ്ധതി നടത്തിപ്പിൽ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനമെന്താണ്;

(ഇ) സംസ്ഥാനത്ത് ഫ്ളോറികാർഡ് പദ്ധതി നടപ്പിലാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 100 പഞ്ചായത്തുകളിൽ പുഷ്പക്കൃഷി നടപ്പിലാക്കുന്നതാണ്. 25 പേർ അംഗങ്ങളായുള്ള ഓരോ ഫ്ളോറി ക്ളബ്ബുകൾ ഓരോ പഞ്ചായത്തിലും രൂപീകരിച്ച് അവരിലൂടെയാണ് കൃഷി നടത്തുന്നത്. ഇതിനാവശ്യമായ പണം ബാങ്കുകൾ മുഖേന കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുന്നതുമാണ്. ഇതിനായി ഫ്ളോറി കാർഡ് സമ്പ്രദായം നടപ്പിലാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫ്ളോറി ക്ളബ്ബുകളിൽ അംഗങ്ങളാക്കുന്ന കർഷകർക്കും പദ്ധതി പ്രദേശത്തെ ഉദ്യോഗസ്ഥർക്കും കാർഷിക സർവകലാശാലയിലെ വിദഗ്ദ്ധർ പരിശീലനം നൽകുന്നതാണ്.

(സി) പൂക്കളുടെ വിപണന ചുമതല കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏല്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പദ്ധതികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു 'ഫ്ളോറി കൾച്ചർ അതോറിറ്റി' രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) നടപ്പിലാക്കുന്നതാണ്. വിശദാംശം തീരുമാനിക്കപ്പെട്ടിട്ടില്ല.

**22 (*356) 1967 ലെ ലാന്റ് യൂട്ടിലൈസേഷൻ നിയമം**

ശ്രീ. പി. രാഘവൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967 ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ ഫെബ്രുവരി 26 ന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച മേൽ നടപടികൾ വ്യക്തമാക്കുമോ;

(സി) കേരളാ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ ഒരു ബില്ലാക്കി അവതരിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) നെൽക്കൃഷി ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്ത് ജില്ലാതലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ;

(ഇ) നിലം നികത്തേണ്ടിവന്നാൽ അതിന്റെ ന്യായമായ ആവശ്യം മനസ്സിലാക്കി അനുവാദം നൽകുന്നതിന് ശാസ്ത്രീയമായ എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(എഫ്) കരിനിലങ്ങളെ ലാന്റ് യൂട്ടിലൈസേഷൻ പരിധിയിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശമുണ്ടോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഭേദഗതി വരുത്തിയിട്ടില്ല.

(ബി)&(സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പരിഗണിച്ചിട്ടില്ല

(ഇ)&(എഫ്) സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly